# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 830** — **25.07.2012-ൽ മറുപടിക്ക്**

## വയോജന ക്ലിനിക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ :<br>,, വി. ശശി :<br>ശ്രീമതി ഗീതാ ഗോപി :<br>ശ്രീ. ഇ കെ.വിജയൻ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വയോജന ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ട് ; വ്യക്തമാക്കുമോ ; | (എ) ആരോഗ്യവകുപ്പിന്റെ 2012-13 വർഷത്തെ പദ്ധതി വിഹിതത്തിൽ വയോജന ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള ദേശീയ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (ബി) NPHCE (National Programme for Health Care of Elderly) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കേരളത്തിൽ അഞ്ച് ജില്ലകളിൽ വയോജനക്ഷേമ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ വയോജന ക്ലിനിക്, വയോജന വാർഡ് എന്നിവ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാമൂഹ്യ ആരോഗ്യകേന്ദ്രം തലത്തിൽ ആഴ്ചയിൽ 2 ദിവസം NCD ഡോക്ടർമാർ മുഖേന വയോജന ക്ലിനിക്കുകൾ, ആരോഗ്യ സംരക്ഷണം, രക്ത പരിശോധന, മരുന്ന് വിതരണം എന്നിവ നടത്തിവരുന്നു. ഇതിനു പുറമേ ശയ്യാവലംബരായ രോഗികളെ ഭവന സന്ദർശനം നടത്തി ആരോഗ്യസംരക്ഷണം ഉറപ്പ് വരുത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) വയോജനങ്ങളെ വീടുകളിൽ എത്തി പരിചരിക്കുന്നതിനുള്ള ഹോം നഴ്സിംഗ് സമ്പ്രദായവും, സാന്ത്വന പരിചരണവും ഈ പദ്ധതിയിലുണ്ടോ ; | (സി) ആരോഗ്യ വകുപ്പിന്റെ കീഴിൽ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ശയ്യാവലംബരായ രോഗികളെ ഭവന സന്ദർശനം നടത്തി ആരോഗ്യ സുരക്ഷ ഉറപ്പുവരുത്താനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ NPHCE പ്രകാരവും 5 ജില്ലകളിൽ സാന്ത്വന ചികിത്സ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) ഈ വർഷം എത്ര ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നുണ്ട് ; ഇതിനായി എത്ര സമയം വേണ്ടിവരുമെന്ന് അറിയിക്കുമോ ? | (ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ NPHCE പ്രകാരം പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലും, സംസ്ഥാന ആരോഗ്യ വകുപ്പിലെ വയോജന പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ